കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

**ജില്ലാ ഇൻഫർമേഷൻ ആഫീസ്** **2018 ഡിസംബർ 03 തിങ്കൾ**

**കാസർകോട്**

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## കുഷ്ഠരോഗം കണ്ടെത്തുന്നതിനായി ആരോഗ്യവകുപ്പ് വീടുകളിലേക്ക്; ജില്ലയിൽ നാളെ തുടക്കമാകും

ഒളിഞ്ഞുകിടക്കുന്ന കുഷ്ഠരോഗികളെ കണ്ടെത്തി ചികിത്സയ്ക്കു വിധേയമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കുഷ്ഠരോഗ നിർണയ പ്രചാരണ പരിപാടിയായ 'അശ്വമേധ'ത്തിനു ജില്ലയിൽ നാളെ(ഡിസംബർ അഞ്ചിന്) തുടക്കമാകുന്നു. നാളെ രാവിലെ 8.30ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെ പരിശോധിക്കുന്നതോടെയാണു ജില്ലയിലെ പരിപാടികൾക്കു തുടക്കമാകുന്നത്. ഈ ദിവസംതന്നെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും അധ്യക്ഷന്മാരുടെയും വീടുകളിലെത്തി പഞ്ചായത്ത് തല പരിപാടികൾക്കും തുടക്കമാകുമെന്നു ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു പറഞ്ഞു.

നാളെ മുതൽ ഈ മാസം 18 വരെ ജില്ലയിലെ എല്ലാ വീടുകളിലുമെത്തി പരിശോധന നടത്തും. ജില്ലയിൽ നാലു കുട്ടികൾക്കു നിലവിൽ കുഷ്ഠരോഗം കണ്ടെത്തി ചികിത്സ നൽകുന്നുണ്ട്. കുട്ടികളിൽ രോഗം കണ്ടെത്തുന്നതു ഗുരുതരമായ സ്ഥിതിവിശേഷണമാണ്. സാധാരണനിലയിൽ രോഗാണു ശരീരത്തിൽ പ്രവേശിച്ചാൽ രണ്ടു മുതൽ അഞ്ചു വർഷം കഴിഞ്ഞാകും രോഗലക്ഷണം പ്രകടിപ്പിക്കുന്നത്. ചിലപ്പോഴത് 20 വർഷം കഴിഞ്ഞാകും പ്രകടമാകുന്നത്. ആ നിലയ്ക്ക് കുട്ടികളിൽ രോഗ ലക്ഷം കണ്ടെത്തിയതു ഗൗരവമായ കാര്യമാണ്. സംസ്ഥാനത്ത് 2016-17 മുതൽ അംഗവൈകല്യത്തോടെ കണ്ടെത്തിയ പുതിയ രോഗികളോ അല്ലെങ്കിൽ കുട്ടികളിലെ കുഷ്ഠരോഗബാധയോ റിപ്പോർട്ട് ചെയ്തിരിക്കുന്നതു കാസർകോട് ഉൾപ്പെടെ എട്ടു ജില്ലകളിലാണ്. ഈ ജില്ലകളിലാണു കുഷ്ഠരോഗ നിർണയ പ്രചാരണ യജ്ഞം നടത്തുന്നത്. കാസർകോടിനു പുറമെ കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശൂർ, മലപ്പുറം, എറണാകുളം, തിരുവനന്തപുരം ജില്ലകളാണുള്ളത്.

പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ മുഖേന വീടുകളിൽ സന്ദർശനം നടത്തി കുഷ്ഠരോഗ സംബന്ധമായ ത്വക് പരിശോധന നടത്തുന്നു. രാവിലെയും വൈകിട്ടുമാകും പരിശോധന. ഒരു ആശ പ്രവർത്തക അല്ലെങ്കിൽ സന്നദ്ധപ്രവർത്തകയും ഒരു പുരുഷ സന്നദ്ധപ്രവർത്തകനും അടങ്ങുന്നതാണ് ഒരു ടീം. കാസർകോട് ജില്ലയിൽ ഇത്തരത്തിൽ 1297 ടീമുകളെ പ്രവർത്തനത്തിനായി തയ്യാറാക്കിയിട്ടുണ്ട്. സംഘത്തെ സൂപ്പർവൈസ് ചെയ്യുന്നതിനും ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംശയമുള്ളവരെ വിശദമായ പരിശോധനയ്ക്കു വിധേയമാക്കാനും ഹെൽത്ത് ഇൻസ്പെക്ടർമാരെയും പബ്ളിക് ഹെൽത്ത് നഴ്സ്മാരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കണ്ടെത്തുന്ന കുഷ്ഠരോഗികൾക്ക് ആവശ്യമായ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കും. ആറു മാസം തുടർച്ചായി മരുന്ന് കഴിച്ചാൽ രോഗം പൂർണ്ണമായും മാറ്റുവാൻ കഴിയും. രണ്ടു വയസിനു മുകളിലുള്ള എല്ലാവരുടേയും ശരീര പരിശോധന നടത്തുകയും തൊലിപ്പുറത്ത് സ്പർശനശേഷി കുറഞ്ഞു നിറം മങ്ങിയതോ ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ, കട്ടി കൂടിയ തിളക്കമുള്ള ചർമ്മം, വേദനയില്ലാത്ത വ്രണങ്ങൾ, കൈകാലുകളിൽ മരവിപ്പ്,

(തുടരും)

വൈകല്യങ്ങൾ, കണ്ണടയ്ക്കാനുള്ള പ്രയാസം എന്നിവ ഉണ്ടോ എന്നു കണ്ടുപിടിക്കുകയും ചെയ്യും. ജില്ലയിൽ ഈ വർഷം 11 പേർക്കാണു രോഗം കണ്ടെത്തിയിരിക്കുന്നത്. മുളിയാർ, മംഗൽപാടി, മഞ്ചേശ്വരം, കുമ്പള എന്നിവടങ്ങളിലാണു കൂടുതലായും രോഗം കണ്ടെത്തിയിരിക്കുന്നത്.

കുഷ്ഠരോഗം ആരംഭത്തിൽതന്നെ കണ്ടെത്തി ചികിത്സിക്കാൻ കഴിഞ്ഞാൽ രോഗംമൂലമുള്ള അംഗവൈകല്യം വരുന്നതു തടയുവാൻ കഴിയുമെന്നു കളക്ടർ പറഞ്ഞു. അതേസമയം ഏതുഘട്ടത്തിൽ കണ്ടുപിടിച്ചാലും രോഗം പൂർണമായി ചികിത്സിച്ചു മാറ്റാനാകും. ഈ പരിപാടിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത്തല ഇന്റർസെക്ടറൽ മീറ്റിംഗുകൾ, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, പരിശീലനപരിപാടികൾ തുടങ്ങിയ വിവിധതരം ആരോഗ്യ ബോധവൽക്കരണപ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. അറിഞ്ഞോ അറിയാതെയോ ചികിത്സയെടുക്കാതെ കഴിയുന്ന എല്ലാ രോഗികളെയും കണ്ടെത്തി അവരെ ചികിത്സയ്ക്കുന്നതിനും അതുവഴി ജില്ലയെ കുഷ്ഠരോഗവിമുക്തമാക്കാനും നടത്തുന്ന ഈ മഹായജ്ഞത്തിൽ എല്ലാവരും പങ്കാളിയായി പരിപാടി വിജയിപ്പിക്കണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

**എന്താണ് കുഷ്ഠരോഗം?**

മൈക്കോ ബാക്ടീരിയം ലെപ്രെ എന്ന ഒരിനം ബാക്ടീരിയ രോഗാണുമൂലം ഉണ്ടാകുന്ന സാംക്രമിക രോഗമാണ് കുഷ്ഠരോഗം.

**രോഗം പകരുന്ന വിധം:**

ചികിത്സ എടുക്കാത്ത് രോഗികൾ തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ രോഗാണു പുറത്തുവരുന്നു. ഇതു മറ്റുള്ളവരിലേക്കു പകരുന്നു.

**ലക്ഷണങ്ങൾ:**

ചർമ്മത്തിനുണ്ടാകുന്ന നിറം മങ്ങിയതോ സ്പർശനശേഷി നഷ്ടപ്പെട്ടതോ ആയ കലകൾ, കൈകാലുകളിലെ മരവിപ്പ്, വേദനയുള്ള തടിച്ച ഞരമ്പുകൾ, വേദനയില്ലാത്ത വ്രണങ്ങൾ, മുഖത്തും ചെവിയിലുമുണ്ടാകുന്ന തടിപ്പുകൾ, എണ്ണമയം പോലുള്ള മിനുക്കമുള്ള ചർമ്മം.

## ഹെൽമറ്റില്ലാതെ യാത്ര ചെയ്യുന്നവർക്കെതിരേ

## കർശന നടപടി തുടരും: ജില്ലാ കളക്ടർ

ബൈക്ക് യാത്രയ്ക്കിടെ ഹെൽമെറ്റ് ഇല്ലാതെയും സീറ്റ് ബെൽട്ട് ഇടാതെ കാർ ഉൾപ്പെടെയുള്ള വാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്കെതിരെയും  വാഹനങ്ങൾക്കു കൃത്യമായ രേഖകൾ ഇല്ലാത്തവർക്കെതിരെയും കർശന നടപടി തുടരുമെന്നു ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു പറഞ്ഞു. ജില്ലയിൽ സമീപകാലത്തായി വാഹനാപകടങ്ങൾ വർധിച്ച സാഹചര്യത്തിലും കൃത്യമായ രേഖകൾ ഇല്ലാതെ വാഹനങ്ങളിൽ മയക്കുമരുന്ന് ഉൾപ്പെടെയുള്ളവ കടത്തുന്നതായി കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിലാണു നടപടി. അടുത്ത ഒരാഴ്ചത്തേക്കു ജില്ലയിൽ 24 മണിക്കൂറും പരിശോധന തുടരും. റവന്യൂ, പോലീസ്, ഗതാഗതവകുപ്പ് എന്നിവ സംയുക്തമായാണു പരിശോധന നടത്തുന്നത്. പിടിക്കപ്പെടുന്നവരിൽ നിന്നു വൻതുക ഈടാക്കുമെന്നും കളക്ടർ അറിയിച്ചു.

## ജില്ലാ കളക്ടറുടെ വാട്ട്സ് ആപ്പ് നമ്പറിൽ വിവരങ്ങൾ അറിയിക്കാം

ജില്ലയിൽ അനധികൃത മണൽകടത്ത് ഉൾപ്പെടെയുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ കളക്ടറുടെ വാട്ട്സ് ആപ്പ് നമ്പറിൽ ലോക്കേഷൻ സഹിതം വിവരങ്ങൾ കൈമാറാമെന്നു ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബു പറഞ്ഞു. കളക്ടറുടെ വാട്ട്സ് ആപ്പ് നമ്പറായ 94474 96600 ലേക്ക്, അതാതു പ്രദേശങ്ങളെ വേഗത്തിൽ മനസിലാക്കുവാൻ കഴിയുന്നതിനു ലോക്കേഷൻ ഷെയർ ഓപ്ഷൻ ആക്ടീവാക്കി അയക്കണമെന്ന് അദ്ദേഹം പറഞ്ഞു. വിവരം നൽകുന്നയാൾ കൃത്യമായ ലോക്കേഷൻ വാട്ട്സ് ആപ്പിൽ ലോക്കേഷൻ ഷെയർ ഓപ്ഷനിൽ നൽകിയാൽ കുറ്റവാളികളിലേക്ക് എളുപ്പത്തിൽ എത്താൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

(തുടരും)

# വാട്ടർഷെഡ് ഡവലപ്പ്മെന്റ് ടീം എഞ്ചിനീയർ;

# കൂടിക്കാഴ്ച ഏഴിന്

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന നീർത്തട ഘടകത്തിൻ കീഴിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കി വരുന്ന പദ്ധതിയിലേക്കു വാട്ടർഷെഡ് ഡവലപ്പ്മെന്റ് ടീം എഞ്ചിനീയർ തസ്തികയിലേക്കുള്ള കൂടിക്കാഴ്ച ഈ മാസം ഏഴിന് നടക്കും. 2019 മാർച്ച് 31 വരെയുള്ള കാലയളവിലേക്കു കരാർ അടിസ്ഥാനത്തിലാണു നിയമനം.

സിവിൽ എഞ്ചിനീയറിംഗിലോ അഗ്രികൾച്ചറൽ എഞ്ചിനീയറിംഗിലോ ബിരുദധാരികളായിരിക്കണം ഉദ്യോഗാർത്ഥികൾ. സർക്കാർ വകുപ്പുകളിൽ നിന്നു വിരമിച്ച എഞ്ചിനീയർമാരെയും പരിഗണിക്കും. യോഗ്യതയുള്ളവർ ഡിസംബർ ഏഴിനു രാവിലെ 10.30 നു ജില്ലാ പഞ്ചായത്തിലെ ദാരിദ്ര ലഘൂകരണ വിഭാഗം ഓഫീസിൽ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കൂടിക്കാഴ്ചയ്ക്കു ഹാജരാകണം. ഫോൺ: 04994 255944

# സമ്പൂർണ ജല സുരക്ഷാ ജില്ലയായി മാറാൻ

# കാസർകോടും തയ്യാറെടുക്കുന്നു

ഹരിതകേരളം മിഷൻ രണ്ടാം വാർഷികാചരണം ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി വിപുലമായി സംഘടിപ്പിക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ ഭാഗമായാണ് ജില്ലയിൽ വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നത്. പന്ത്രണ്ടോളം നദികൾ കൊണ്ട് ഈ ജില്ല അനുഗ്രഹീതമാണെങ്കിലും വേനൽക്കാലത്ത് അതിരൂക്ഷമായ ജലക്ഷാമം നേരിടുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. ഇതിനൊരു ശാശ്വത പരിഹാരം കാണുന്നതിനായാണ് 'ജലജീവനം അതിജീവനത്തിന്' എന്ന മുദ്രാവാക്യമുയർത്തി സമ്പൂർണ ജലസുരക്ഷാജില്ല എന്ന സങ്കൽപം യാഥാർത്ഥ്യമാക്കാൻ ബഹുജന പങ്കാളിത്തത്തോടെ വിവിധ കർമ്മപദ്ധതികൾക്ക് തുടക്കം കുറിക്കുന്നത്. പദ്ധതിയുടെ തുടക്കമെന്ന രീതിയിൽ ഡിസംബർ 8 മുതൽ 15 വരെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജനകീയ കൂട്ടായ്മയിലൂടെ ഒരു പ്രധാന ജലസ്രോതസ്സെങ്കിലും സംരക്ഷിക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. തൊഴിലുറപ്പ് പദ്ധതിയടക്കം പ്രയോജനപ്പെടുത്തുന്ന പദ്ധതിയിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ളവരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്യാംപെയ്നുകളും പ്രവർത്തനങ്ങളും നടത്തും.

എൻഡോസൾഫാൻ വിഷമഴയായി പെയ്ത മേഖലകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കലും ജില്ലയിലെ പരമ്പരാഗത ജലസ്രോതസ്സുകളായ പള്ളങ്ങളുടെയും സുരങ്കങ്ങളുടെയും സംരക്ഷണവും പുതുതലമുറയ്ക്ക് യഥേഷ്ടമായ ശുദ്ധജലലഭ്യതയും പദ്ധതിയിലൂടെ ഉറപ്പു വരുത്തുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ജലസംരക്ഷണ പ്രവർത്തനങ്ങൾ സമഗ്ര സമീപനത്തിലൂടെയുള്ള മാസ്റ്റർ പ്ലാനുകൾ പ്രകാരം ഘട്ടം ഘട്ടമായി നടപ്പിലാക്കും. ഹരിത കേരളം രണ്ടാം വാർഷിക ദിനമായ ഡിസംബർ 8 മുതൽ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നു എന്നുറപ്പു വരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരും സെക്രട്ടറിമാരും ഉറപ്പുവരുത്തണമെന്നും ഇത് സംബന്ധിച്ചു ജില്ലാ ഹരിത കേരളം മിഷൻ ഓഫീസിൽ റിപ്പോർട്ട് ചെയ്യണമെന്നും ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു നിർദേശിച്ചു.

# ബാഗ് വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചു

നാഷണൽ ഹെൽത്ത് മിഷനിലേക്ക് 600 റെക്സിൻ ബാഗുകൾ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു. താൽപര്യമുള്ളവർ ഈ മാസം 11ന് ഉച്ചയ്ക്ക് 2.30നകം ജില്ലാ പ്രോഗ്രാം മാനേജർ, നാഷണൽ ഹെൽത്ത് മിഷൻ, ഹോസ്ദുർഗ്, കാഞ്ഞങ്ങാട് പി.ഒ, 671315 എന്ന വിലാസത്തിൽ ക്വട്ടേഷനുകൾ അയക്കണം. കവറിനു പുറത്തു ബാഗ് വിതരണത്തിനുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കണം.

# ക്വട്ടേഷൻ ക്ഷണിച്ചു

പിലിക്കോട് കാർഷിക സർവകലാശാലയിലെ റീജിയണൽ അഗ്രികൾച്ചറൽ സ്‌റ്റേഷനിലേക്കു ബ്രഷ് കട്ടർ, പോൾ പ്രൂണർ എന്നിവ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു. ഈ മാസം 10 ഉച്ച കഴിഞ്ഞു മൂന്നിനകം ക്വട്ടേഷനുകൾ ലഭിക്കണം. ഫോൺ: 0467 2260632

# ജില്ലാ സ്‌പോർട്‌സ് കൗൺസിൽ യോഗം ചേർന്നു

കാസർകോട് പ്രവർത്തിക്കുന്ന രണ്ട് കബഡി അസോസിയേഷനുകളെ സംബന്ധിച്ചുള്ള ആശയക്കുഴപ്പം പരിഹരിക്കാൻ അടിയന്തരമായി സ്റ്റേറ്റ് സ്‌പോർട്‌സ് കൗൺസിലുമായി ബന്ധപ്പെടാൻ ജില്ലാ കളക്ടർ ഡോ.ഡി. സജിത്ത് ബാബുവിന്റെ അധ്യക്ഷതയിൽ ചേമ്പറിൽ ചേർന്ന ജില്ലാ സ്‌പോർട്‌സ് കൗൺസിൽ എക്‌സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. ജില്ലാ സ്‌പോർട്‌സ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ അസോസിയേഷനുകളടെ കായിക മൽസരങ്ങൾ എക്‌സിക്യൂട്ടീവ് യോഗത്തിൽ ചർച്ച ചെയ്യുന്നതിനും തീരുമാനമായി. കാസർകോട് പ്രവർത്തിക്കുന്ന സ്‌പോർട്‌സ് അക്കാദമിയിലെ വോളിബോൾ കോർട്ട് മെച്ചപ്പെടുത്താനും ധാരണയായി. അക്കാദമി ഹോസ്റ്റലിലെ അവശ്യസാധനങ്ങൾക്കുള്ള തുക ചെക്കായി നൽകാൻ കളക്ടർ നിർദേശിച്ചു. യോഗത്തിൽ കൗൺസിൽ പ്രസിഡന്റ് എൻ.എ. സുലൈമാൻ, സെക്രട്ടറി കെ.വി. രാഘവൻ, എക്‌സിക്യൂട്ടീവ് അംഗങ്ങൾ, തുടങ്ങിയവർ സംബന്ധിച്ചു.

# കുട്ടികളുടെ പതിനൊന്നാമത് ജൈവ വൈവിധ്യകോൺഗ്രസ്

# ജനുവരി നാലിന്

ജില്ലാ വിദ്യാഭ്യാസ വകുപ്പും സംസ്ഥാന ജൈവവൈവിധ്യ ബോർഡും സംയുക്തമായി സംഘടിപ്പിക്കുന്ന കുട്ടികളുടെ പതിനൊന്നാമത് ജൈവ വൈവിധ്യ കോൺഗ്രസ് ജനുവരി നാലിന് ഹോസ്ദുർഗ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്‌കൂളിൽ നടക്കും.ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി പ്രോജക്ട് അവതരണ മത്സരം നടക്കും. ഓരോ വിഭാഗത്തിലും രണ്ടു കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. 'പ്രളയവും ജൈവ വൈവിധ്യവും' എന്ന മെയിൻ തീമിനെ അടിസ്ഥാനമാക്കിയാണ് പ്രൊജക്ട് മത്സരം.

കാസർകോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നടന്ന സംഘാടക സമിതിയോഗത്തിൽ ചെയർമാൻ ഡോ.ഗിരീഷ് ചോലയിൽ , കൺവീനർ പി.കൃഷ്ണൻ, ആനന്ദ് പേക്കടം (വൈസ് ചെയർമാൻ), ടി.കെ നൗഷാദ് (ജോയിന്റ് കൺവീനർ), ആസിഫ് അഹമ്മദ്, രമ്യ നവീൻ കുമാർ, പി. സോന എന്നിവർ അംഗങ്ങളായ കമ്മിറ്റിയെ തെരഞ്ഞെടുത്തു.www.keralabiodiversity.org എന്ന വെബ്‌സൈറ്റിൽ നിന്നും കുടുതൽ വിവരങ്ങൾ ലഭിക്കും. പ്രൊജക്ട് അവതിരപ്പിക്കുന്ന ടീമംഗങ്ങൾ ഡിസംബർ 31 നകം 9495512356 എന്ന നമ്പറിൽ വിവരങ്ങൾ അറിയിക്കണം.

# കിറ്റ്‌സിൽ സീറ്റൊഴിവ്

സംസ്ഥാന ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന കിറ്റ്‌സിൽ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ്) ആറുമാസത്തെ ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ് ആൻഡ് ട്രാവൽ മാനേജ്മന്റ് കോഴ്‌സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്.അംഗീകൃത സർവ്വകലാശാലയിൻ നിന്നും ഏതെങ്കിലും വിഷയത്തിൽ ലഭിച്ച ബിരുദം ആണ് യോഗ്യത . അപേക്ഷ ഫോറം കിറ്റ്‌സിന്റെ തലശ്ശേരി സെന്ററിൽ നിന്നും നേരിട്ടോ വെബ്‌സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്‌തോ അപേക്ഷിക്കാം.കൂടുതൽ വിവരങ്ങൾക്ക്- കിറ്റ്‌സ് സ്റ്റഡി സെന്റർ,റാണിപ്ലാസാ ബിൽഡിംഗ്, ലോഗൻസ് റോഡ്,തലശ്ശേരി ഫോൺ: 0490 2344419 ,9495995419 വെബ്‌സൈറ്റ്- www.kittsedu.org

# കാസർകോട് ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാർ ഇന്ന്

13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കാസർകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 ലെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാർ ഇന്ന്

(തുടരും)

(04.12.2018) രാവിലെ 10.30 ന് കാസര്‍കോട് വ്യാപാര ഭവന്‍ ഹാളില്‍ നടത്തും. പരിപാടി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശാന്തമ്മ ഫിലിപ്പ് ഉദ്ഘാടനം ചെയ്യും.

## കോടോം -ബേളൂര്‍ ഗ്രാമപഞ്ചായത്ത്: പെന്‍ഷന്‍ അദാലത്ത്

സാമൂഹ്യ സുരക്ഷാ പെന്‍ഷന് അപേക്ഷിക്കുകയും പുതിയ മാനദണ്ഡ പ്രകാരം അപേക്ഷ നിരസിക്കപ്പെടുകയും ചെയ്ത കോടോം ബേളൂര്‍ ഗ്രാമപഞ്ചായത്തിലെ അപേക്ഷകര്‍ക്ക് ഈ മാസം 20 മുതല്‍ 30 വരെ അപേക്ഷ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് പെന്‍ക്ഷന്‍ അദാലത്ത് നടത്തുന്നു. അദാലത്തിലേക്കുള്ള പരാതികള്‍ ഈ മാസം 15 നകം പഞ്ചായത്ത് ഓഫീസില്‍ സമര്‍പ്പിക്കണം. പരാതിക്കാരന്റെ പേര്, പെന്‍ഷന്‍ ഇനം, ആധാര്‍നമ്പര്‍, അംഗീകൃത തിരിച്ചറിയല്‍ രേഖ, പരാതികളുടെ ചുരുക്കം ,പരാതി പരിഹരിക്കുന്നതിനാവശ്യമായ വ്യക്തമായ രേഖകള്‍, പരാതിക്കാരന്‍ താമസിക്കുന്ന വാര്‍ഡ്, വീട്ട് നമ്പര്‍ എന്നിവ പരാതിയില്‍ രേഖപ്പെടുത്തിയിരിക്കണം.

## ഡി.എല്‍.ആര്‍.സി. യോഗം ഡിസംബര്‍ 10 ന്

2018-19 സാമ്പത്തിക വര്‍ഷത്തിലെ രണ്ടാംപാദത്തിലെ ഡി.എല്‍.ആര്‍.സി യോഗം ഡിസംബര്‍ 10 ന് രാവിലെ 10.30 ന് കളക്ടറേറ്റ് മിന് കോണ്‍ഫറന്‍സ് ഹാളില്‍ ചേരും.

## പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് അപേക്ഷ ക്ഷണിച്ചു

കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് 2018-19 വാര്‍ഷിക പദ്ധതിയില്‍ ഉള്‍പ്പെടുത്തി നടപ്പിലാക്കുന്ന 'പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് മെറിറ്റോറിയസ് സ്കോളര്‍ഷിപ്പ്' എന്ന പദ്ധതിയിലേക്ക് പട്ടികജാതി വിഭാഗത്തില്‍പ്പെട്ട ബിരുദ, ബിരുദാനന്തര, പ്രൊഫഷണല്‍, ഡിപ്ലോമ കോഴ്സുകള്‍ക്ക് പഠിക്കുന്ന വിദ്യാര്‍ത്ഥികളില്‍ നിന്നും അപേക്ഷ ക്ഷണിച്ചു. സരക്കാര്‍-എയ്ഡഡ് സ്ഥാപനങ്ങളില്‍ മെറിറ്റ് അടിസ്ഥാനത്തില്‍ പ്രവേശനം നേടിയ വിദ്യാര്‍ത്ഥികള്‍, ബന്ധപ്പെട്ട സര്‍ട്ടിഫിക്കറ്റുകള്‍ സഹിതം ഡിസംബര്‍ 15 നകം കാറഡുക്ക ബ്ലോക്ക് പട്ടികജാതി വികസന ഓഫീസില്‍ അപേക്ഷ സമര്‍പ്പിക്കണം.. കൂടുതല്‍ വിവരങ്ങള്‍ക്ക് എസ്.സി.പ്രൊമോട്ടര്‍മാരേയോ 9947209686 എന്ന നമ്പറിലോ ബന്ധപ്പെടുക

## നിയമസഭ പരിസ്ഥിതി സമിതി സിറ്റിംഗ് 20 ന്

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ഈ മാസം 20 ന് രാവിലെ 10 ന് ജില്ലാ കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ യോഗം ചോരും. ജില്ലായിലെ വിവിധ പരിസ്ഥിതി മലിനീകരണപ്രശ്നങ്ങള്‍ സംബന്ധിച്ച് സമിതിയുടെ പരിഗണനയിലുള്ള നിവേദനങ്ങളില്‍ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരില്‍ നിന്നും തെളിവെടുപ്പ് നടത്തും. പരിസ്ഥിതി പ്രവര്‍ത്തകര്‍, പൊതുജനങ്ങള്‍ എന്നിവരില്‍ നിന്നും നിവേദനങ്ങള്‍ സ്വീകരിക്കും. തുടര്‍ന്ന് സമിതി കാഞ്ഞങ്ങാട്, നീലേശ്വരം തൃക്കരിപ്പൂര്‍ തുടങ്ങിയ സ്ഥലങ്ങള്‍ സന്ദര്‍ശിക്കും.

## മെഗാ കാഷ്യൂ ഫെസ്റ്റ് ഇന്നുമുതല്‍

കുടുംബശ്രീ സംരഭമായ സഫലം വനിതകളുടെ കശുവണ്ടി സംസ്കരണ സമിതിയുടെ ആഭിമുഖ്യത്തില്‍ ഇന്നുമുതല്‍ ജില്ലയുടെ വിവിധ സ്ഥലങ്ങളില്‍ മെഗാ കാഷ്യൂ ഫെസ്റ്റ് സംഘടിപ്പിക്കുന്നു. ഇന്ന്(04) രാവിലെ 10 ന് കാസര്‍കോട് സിവില്‍ സ്റ്റേഷന്‍ കോമ്പൗണ്ടില്‍ ജില്ലാ കളക്ടര്‍ ഡോ.ഡി.സജിത് ബാബു ഫെസ്റ്റ് ഉദ്ഘാടനം ചെയ്യും.

മേളയില്‍ കശുവണ്ടിയുടെ 20 ഗ്രേഡുകളും ലഭ്യമായിരിക്കും. കൂടാതെ കശുവണ്ടി മൂല്യവര്‍ദ്ധിത ഉല്‍പ്പന്നങ്ങളുടെ പ്രദര്‍ശനവും വിപണനവും ഉണ്ടാകും. മേളയിലെ ഉല്‍പ്പന്നങ്ങള്‍ക്ക് 15 ശതമാനം വരെ ഡിസ്കൗണ്ട് ലഭ്യമാണ്. കാസര്‍കോട് സിവില്‍ സ്റ്റേഷനില്‍ ഇന്നു മുതല്‍ ഈ മാസം 6 വരെയും, കാഞ്ഞങ്ങാട് മിനി സിവില്‍ സ്റ്റേഷനില്‍ നാളെ (05) മുതല്‍ ഈ മാസം 7 വരെയും, ചെമ്പരിക്ക ബീച്ച്, ബേക്കല്‍ ബീച്ച് എന്നിവിടങ്ങളില്‍ ഈ മാസം ഏഴുമുതല്‍ ഒന്‍പതുവരെയും ആണ് ഫെസ്റ്റ് സംഘടിപ്പിക്കുന്നത്.

(തുടരും)

# പിഎസ്‌സി പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്തു

കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പട്ടിക വർഗ സുസ്ഥിര വികസന പരിപാടിയുടെ ഭാഗമായി ജില്ലയിലെ രണ്ടാമത്തെ പിഎസ്‌സി പരിശീലന കേന്ദ്രം ഭീമനടി വ്യാപാര ഭവനിൽ എം രാജഗോപാലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഈസ്റ്റ് -എളേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജെസി ടോം അധ്യക്ഷത വഹിച്ചു. കുടുംബശ്രീ അസിസ്ററന്റ് ജില്ലാമിഷൻ കോർഡിനേറ്റർ പി പ്രകാശൻ പദ്ധതി വിശദീകരണം നടത്തി.

കുന്നുംകൈ എ യു പി സ്കൂളിൽ എല്ലാ ഒഴിവ് ദിനങ്ങളിലും ഇനി പരിശീലനം നടത്തും. അഭ്യസ്ഥ വിദ്യരായ പട്ടിക വർഗ വിദ്യാർത്ഥികൾക്ക് അവധി ദിവസങ്ങളിൽ സർക്കാർ - സർക്കാർ ഇതര മേഖല കളിൽ ജോലി ലഭ്യമാക്കാൻ ആവശ്യമായ സൗജന്യ പരിശീലനം നൽകുക എന്നതാണ് ലക്ഷ്യം .ഒന്നാമത്തെ പരിശീലന കേന്ദ്രം ചുള്ളിക്കര ഗവൺമെന്റ് യുപി സ്കൂളിലാണ് പ്രവർത്തിക്കുന്നത്. പ്രഗത്ഭരായ അധ്യാപകർക്ക് കീഴിൽ രാവിലെ 10 മുതൽ വൈകീട്ട് നാല് വരെയാണ് പരിശീലനം. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ രാമചന്ദ്രൻ, എം ചന്ദ്രൻ ,ലിസി അഗസ്റ്റിൻ , സിന്ധു ആന്റണി കുടുംബശ്രീ എ ഡി എം സി,പി ജോസഫ്, കുടുംബശ്രീ ആനിമേറ്റർ കോഡിനേറ്റർ എം മനീഷ് , എന്നിവർ സംസാരിച്ചു.

ഫോട്ടോ അടിക്കുറിപ്പ്:(പിഎസ്‌സി സെന്റർ-എംഎൽഎ):-

കുടുംബശ്രീ ജില്ലാമിഷന്റെ പട്ടികവർഗ സുസ്ഥിര വികസന പരിപാടിയുടെ രണ്ടാമത്തെ പിഎസ്‌സി പരിശീലന കേന്ദ്രം എം.രാജഗോപാലൻ എംഎൽഎ ദ്ഘാടനം ചെയ്യുന്നു.

# ഹരിത ചട്ടം പരിശീലനം നടത്തി

അജാനൂർ പഞ്ചായത്തിലെ വിദ്യാഭ്യാസ സമിതി യോഗത്തിൽ പങ്കെടുത്ത അധ്യാപകർക്ക് ഹരിത ചട്ടം പരിശീലനം നല്കി. പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അനിത ഗംഗാധരൻ ഉദ്ഘാടനം ചെയ്തു . ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എം പി സുബ്രമണ്യൻ ക്ലാസ് കൈകാര്യം ചെയ്തു.ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ബഷീർ വെള്ളിക്കോത്ത്, പി ഇ ഡി സെക്രട്ടറി രാമചന്ദ്രൻ മാസ്റ്റർ എന്നിവർ സംസാരിച്ചു.

# സൗജന്യ തയ്യൽ പരിശീലന ക്ലാസ്സ് ആരംഭിച്ചു

നെഹ്റു യുവകേന്ദ്രയുടെയും പി. നാരായണൻ നായർ സ്മാരക വായനശാല യുടെയും സംയുക്താഭിമുഖ്യത്തിൽ 18നും 29നും ഇടയിൽ പ്രായമുള്ള മുപ്പതോളം യുവതി -യുവാക്കൾക്ക് മൂന്നുമാസം നീണ്ടു നിൽക്കുന്ന സൗജന്യ തയ്യൽ പരിശീലന ക്ലാസ്സ് ആരംഭിച്ചു. ചെമ്മനാട് അണിഞ്ഞ അങ്കണത്തിൽ നടന്ന പരിപാടി ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കല്ലട്ര അബ്ദുൽ ഖാദർ ഉദ്ഘാടനം ചെയ്തു.

ജാതിമതഭേദങ്ങൾക്കതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് വഴി നാടിൻറെ യശസ്സു വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് യുവതി യുവാക്കളെ ഓർമ്മിപ്പിച്ചു.

ചെമ്മനാട് ഗ്രാമപഞ്ചായത്ത് അംഗം.എൻ .വി ബാലൻ അധ്യക്ഷത വഹിച്ചു.എൻ.വൈ.കെ പ്രോഗ്രാം ഓഫീസർ ഷാഫി സലീം,.നവീൻ രാജ് ടി,വായനശാല സെക്രട്ടറി.ടി.ശശിധരൻ,.എം അച്യുതൻ,.സി.മണികണ്ഠൻ,.ബാബുരാജ്,തയ്യൽടീച്ചർതങ്കമണി.ടി.ഉണ്ണികൃഷ്ണൻ മാഷ് എന്നിവർ സംസാരിച്ചു.

# വാഹനം ആവശ്യമുണ്ട്

കാസർകോട് ജില്ലാ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന പി എം ജി എസ് വൈ വിഭാഗം എക്സ്ക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിലേക്ക് കരാർ അടിസ്ഥാനത്തിൽ കാർ ഇനത്തിൽപ്പെടുന്ന ടാക ്സി വാഹനം പ്രതിമാസ നിരക്കിൽ ആവശ്യമുണ്ട്.പരമാവധി 2000 കി.മീ ഓട്ടം പ്രതീക്ഷിക്കുന്നു. തൽപര രായ വാഹന ഉടമകൾ പ്രതീക്ഷിക്കുന്ന നിരക്ക്, വാഹനം സംബന്ധിച്ച വിവരങ്ങൾ സഹിതമുള്ള ക്വട്ടേഷൻ ഈ മാസം 11 ന് വൈകുന്നേരം 4 അകം എക്സിക്യൂട്ടീവ് എൻജിനീയർ, പിഐയു ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത് എന്ന വിലാസത്തിൽ സമർപ്പിക്കണം.

(തുടരും)

# തേങ്ങ ലേലം ചെയ്യും

കാസർകോട് വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും വിളവെടുത്ത 3485 തേങ്ങ ഡിസംബർ 11 ന് ഉച്ചയ്ക്ക് മൂന്നിന് വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും ലേലം ചെയ്യും. ക്വട്ടേഷനുകൾ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം ഉച്ചയ്ക്ക് 2.30 ന് മുമ്പ് ഓഫീസിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്-04994 230510

# സർട്ടിഫിക്കറ്റ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിംഗ്

# ഡിസബിലിറ്റി കോഴ്സിന് അപേക്ഷിക്കാം

സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് സർട്ടിഫിക്കറ്റ് ഇൻ മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസബിലിറ്റി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. പന്ത്രണ്ടാംക്ലാസ്സ് ആണ് യോഗ്യത. വിദൂരവിദ്യാഭ്യാസ രീതിയിൽ നടത്തപ്പെടുന്ന ഈ കോഴ്സിന് ആറു മാസമാണ് കാലാവധി. 2019 ജനുവരി ആദ്യവാരം ക്ലാസ്സുകൾ ആരംഭിക്കും. സ്വയംപഠന സാമഗ്രികൾ. സമ്പർക്ക ക്ലാസ്സുകൾ ,പ്രാക്ടിക്കൽ ട്രെയിനിംഗ് എന്നിവ കോഴ്സിൽ ചേരുന്നവർക്ക് ലഭിക്കും. അപേക്ഷാഫോറവും പ്രോസ്പക്ടസും 200 രൂപ നിരക്കിൽ തിരുവന്തപുരത്ത് നന്ദാവനം പോലീസ്ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 250 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷിക്കുക. കോഴ്സ് സംബന്ധിച്ച വിശദാംശങ്ങൾ www.src.kerala.gov.in/www.srccc.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 15. കൂടുതൽ വിവരങ്ങൾക്ക് ഫോൺ-0471 2325101, 2326101,9446330827.

# ജില്ലാതല പ്രസംഗ മത്സരം ഇന്ന്

നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ യുവതീ -യുവാക്കൾക്ക് രാജ്യസ്നേഹവും രാഷ്ട്ര നിർമ്മാണവും എന്ന വിഷയത്തിൽ ഇംഗ്ലീഷിലോ ഹിന്ദിയിലോ പ്രസംഗ മത്സരം ഇന്ന് രാവിലെ 10 ന് ജില്ലാ പ്ലാനിംഗ് കോൺഫറൻസ് ഹാളിൽ നടത്തുന്നു. 18 നും 29 നും ഇടയ്ക്ക് പ്രായമുള്ള ജില്ലക്കാരായ യുവതി-യുവാക്കൾക്കാണ് അവസരം.ഒന്നാം സ്ഥാനക്കാർക്ക് 5000 രൂപയും പ്രശസ്തി പത്രവും സംസ്ഥാന തലത്തിലേക്കുള്ള അവസരവുമാണ് സമ്മാനം.രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 2000,1000 രൂപയും പ്രശസ്തി പത്രവുമാണ് ലഭിക്കുക.മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കാൻ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും തിരിച്ചറിയൽ രേഖയുമായി ഇന്ന് രാവിലെ 10 ന് സിവിൽ സ്റ്റേഷനിലുള്ള യുവകേന്ദ്ര ഓഫീസിൽ എത്തണം.

# അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയ്യതി നീട്ടി

ജില്ലയിലെ പെരിയ ജവഹർ നവോദയ വിദ്യാലയത്തിൽ 2019-20 അദ്ധ്യയന വർഷത്തിൽ ആറാം ക്ലാസ്സിലേക്ക് നടത്തുന്ന പ്രവേശന പരീക്ഷയുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി ഈ മാസം 15 വരെ നീട്ടി. അപേക്ഷ www.navodaya.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ വഴി സമർപ്പിക്കാം.

# ടെണ്ടർ

മഞ്ചേശ്വരം ജി.പി.എം.ഗവൺമെന്റ് കോളേജിൽ 2018-19 വർഷത്തെ പ്ലാൻ ഫണ്ടിൽ പ്രോജക്ടറുകൾ വിതരണം നടത്തുന്നതിന് ടെൺണ്ടർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി ഈ മാസം 26 ഉച്ചയ്ക്ക് 2 വരെ. കൂടുതൽ വിവരങ്ങൾക്ക് -04998 272670

# റേഡിയോഗ്രാഫറെ ആവശ്യമുണ്ട്

കാസർകോട് ജനറൽ ആശുപത്രയിൽ റേഡിയോഗ്രഫറെ നിയമിക്കുന്നു. യോഗ്യത- ഡിപ്ലോമ ഇൻ റേഡിയോളജിക്കൽ ടെക്നോളജി,തത്തുല്യം. അഭിമുഖം ഈ മാസം ഏഴിന് രാവിലെ 10 ന് ആശുപത്രി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നടക്കും. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫി

(തുടരും)

ക്കറ്റ് മുന്‍പരിചയ സര്‍ട്ടിഫിക്കറ്റ് എന്നിവയുടെ ഒറിജിനലും ഒരോ കോപ്പിയും അഭിമുഖ സമയത്ത് ഹാജരാക്കണം.

## ബി.എസ്.സി ,ഡിപ്ലോമാ നഴ്സുമാരുടെ സ്കൈപ്പ് ഇന്റര്‍വ്യൂ 12 ന്

സൗദി അറേബ്യയിലെ അല്‍-മൗവ്വാസാത്ത് ഹെല്‍ത്ത് ഗ്രൂപ്പിലേക്ക് ബി.എസ്.സി,ഡിപ്ലോമ നഴ്സുമാരെ (സ്ത്രീകള്‍ മാത്രം) നിയമിക്കുന്നതിന് ഒ.ഡി.ഇ.പി.സി. തിരുവന്തപുരം, വഴുതയ്ക്കാട് ഓഫീസില്‍ ഈ മാസം 12 ന് സ്കൈപ്പ് ഇന്റര്‍വ്യൂ നടത്തും. ഇന്റര്‍വ്യൂവില്‍ പങ്കെടുക്കുവാന്‍ താല്‍പര്യമുള്ളവര്‍ ബയോഡാറ്റ, സര്‍ട്ടിഫിക്കറ്റുകളുടെ പകര്‍പ്പുകള്‍ എന്നിവ സഹിതം odepcmou@ gmail.com എന്ന ഇ-മെയില്‍ അപേക്ഷിക്കുക. കൂടുതല്‍ വിവരങ്ങള്‍ക്ക് www.odepc.kerala.gov.in, ഫോണ്‍-0471 -2329440/ 41/42/43/45

## ഭിന്നശേഷിക്കാരുടെ വോട്ടവകാശം: ജില്ലാതല മോണിറ്ററിങ്ങ് കമ്മിറ്റി രുപീകരിച്ചു

ജില്ലയിലെ അര്‍ഹതപ്പെട്ട മുഴുവന്‍ ഭിന്നശേഷിക്കാരെയും വോട്ടര്‍ പട്ടികയില്‍ ഉള്‍പ്പടുത്തുന്നതിനും പ്രയാസമില്ലാതെ വോട്ട് രേഖപ്പെടുത്തുന്നത് ഉറപ്പാക്കുന്നതിനും സാമൂഹ്യനീതി ഓഫീസര്‍ ഉള്‍പ്പെടെയുള്ള ജില്ലയിലെ മറ്റ് വകുപ്പ് മേധാവികള്‍, വിവിധ സംഘടന പ്രതിനിധികള്‍ എന്നിവരെ ഉള്‍പ്പെടുത്തികൊണ്ട് ജില്ലാ കളക്ടര്‍ ഡോ.ഡി.സജിത്ത് ബാബു ചെയര്‍മാനായുള്ള ജില്ലാതല മോണിറ്ററിങ്ങ് കമ്മിറ്റി രൂപികരിച്ചു.

കാഴ്ച വൈകല്യമുള്ള വോട്ടര്‍മാര്‍ക്ക് സമ്മതിദാനാവകാശം സുഗമമായി വിനിയോഗിക്കുന്നതിന് നിലവിലുള്ള സൗകര്യങ്ങള്‍ക്ക് പുറമേ ബ്രെയ്ലി ലിപിയില്‍ ഡമ്മി ബാലറ്റ് ഷീറ്റുകള്‍ തയ്യാറാക്കും. ഈ സൗകര്യങ്ങള്‍ ഭിന്നശേഷി വിഭാഗത്തില്‍ എത്തിക്കുന്നതിന് വ്യാപകമായ പ്രചാരണമാണ് ഇലക്ഷന്‍ കമ്മീഷന്‍ നടപ്പിലാക്കുന്നത്. ഈ പുതിയ സൗകര്യത്തെപ്പറ്റി വ്യാപകമായ പ്രചരണം നല്‍കാനും 2019 ലെ ലോക് സഭാ ഇലക്ഷന്‍ തീരുന്നതുവരെ പ്രചരണ പരിപാടികള്‍ സംഘടിപ്പിക്കാനും കമ്മീഷന്‍ തിരുമാനിച്ചിട്ടുണ്ട്.

കൂടാതെ ഭിന്നശേഷിക്കാര്‍ക്ക് പോളിങ്ങ് ബൂത്തുകളില്‍ എത്തിചേരുന്നതിനുവേണ്ടി വാഹനസൗകര്യവും, ബൂത്തുകളില്‍ റാമ്പും ആവശ്യമായ മറ്റ് സഹായക ഉപകരണങ്ങളും നല്‍കി സൗകര്യമുണ്ടാക്കും. വോട്ടര്‍ പട്ടികയില്‍ പേര് ചേര്‍ക്കുന്നതിന് ഭിന്നശേഷിക്കാരുടെ വിവരങ്ങള്‍ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട തഹസില്‍ദാരുടെ കീഴില്‍ പ്രവര്‍ത്തിക്കുന്ന ഇലക്ഷന്‍ ഉദ്യോഗസ്ഥര്‍ വീട്ടിലെത്തി പട്ടികയില്‍ പേര് ചേര്‍ക്കുന്നതാണ്.

## ഐ.ടി.ഐ അഡ്മിഷന്‍ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

പുതുതായി ആരംഭിച്ച കുറ്റിക്കോല്‍ ഗവ.ഐ.ടി.ഐ-യിലെ 2018 വര്‍ഷത്തെ പ്രവേശനത്തിനുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റില്‍ പേരുള്ളവര്‍ ബന്ധപ്പെട്ട രേഖകള്‍ സഹിതം ഈ മാസം ആറിന് രാവിലെ 10.30-ന്കുറ്റിക്കോല്‍ പഞ്ചായത്തിന് സമീപത്തുള്ള ഐ.ടി.ഐ ഓഫീസില്‍ അഭിമുഖത്തിന് ഹാജരാകേണ്ടതാണ് ഫോണ്‍ : 9288080311, 0467 2240282

## 24 മണിക്കൂറും പ്രവര്‍ത്തിക്കുന്ന എക്സൈസ് കണ്‍ട്രോള്‍ റൂം നാളെ മുതല്‍ ആരംഭിക്കും

ക്രിസ്മസ്-പുതുവത്സരാഘോഷങ്ങളുടെ മുന്നോടിയായി ജില്ലയില്‍ വ്യാജമദ്യം,ചാരായം,സ്പിരിറ്റ് എന്നിവയുടെ ഉത്പ്പാദനവും കടത്തും വര്‍ദ്ധിക്കുന്നത് തടയാന്‍ എക്സൈസ് തീവ്രയത്ന എന്‍ഫോഴ്സ്മെന്റ് പ്രവര്‍ത്തനത്തിന്റെ ഭാഗമായി കാസറഗോഡ് ഡിവിഷനില്‍ 24 മണിക്കൂറും പ്രവര്‍ത്തിക്കുന്ന ഒരു കണ്‍ട്രോള്‍ റൂമും, കാസര്‍കോട്/ഹോസ്ദുര്‍ഗ്ഗ് സര്‍ക്കിള്‍ ഓഫീസുകളില്‍ ഓരോ സ്ട്രൈക്കിംഗ് ഫോഴ്സും നാളെ മുതല്‍ ആരംഭിക്കും. പൊതുജനങ്ങളില്‍ നിന്ന് ലഭിക്കുന്ന പരാതികള്‍ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും .കൂടുതല്‍ വിവരങ്ങള്‍ക്ക്- എക്സൈസ് ടോള്‍ ഫ്രീ നമ്പര്‍ -

(തുടരും)

155355.എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് 0 4 9 9 4 257060

എക്സൈസ് സർക്കിൾ ഓഫീസ് ഹോസ്ദുർഗ്ഗ് -0467 2204125

എക്സൈസ് സർക്കിൾ ഓഫീസ് കാസറഗോഡ്-04994 255332

എക്സൈസ് സർക്കിൾ ഓഫീസ് വെള്ളരിക്കുണ്ട്-0467 2245100

എക്സൈസ് റെയിഞ്ച് ഓഫീസ് നീലേശ്വരം -0467 2283174

എക്സൈസ് റെയിഞ്ച് ഓഫീസ് ഹോസ്ദുർഗ്ഗ് -0467 2204533

എക്സൈസ് റെയിഞ്ച് ഓഫീസ് കാസറഗോഡ്-04994 257541

എക്സൈസ് റെയിഞ്ച് ഓഫീസ് കുമ്പള -04998 213837

എക്സൈസ് റെയിഞ്ച് ഓഫീസ് ബന്തഡുക്ക-04994 205364

എക്സൈസ് റെയിഞ്ച് ഓഫീസ് ബദിയടുക്ക-04994 261950

സമ്പൂർണ ജലസുരക്ഷാ ജില്ലയാവാൻ കാസർകോടും

## കൃഷി എഞ്ചിനീയർ നിയമനം

കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷന്റെ ഭാഗമായി ജില്ലയിൽ ഒരു കാർഷിക എഞ്ചിനീയറെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അഭിമുഖം ഡിസംബർ അഞ്ചിന് കാസർകോട് കറന്തക്കാട്, എ.ടി. റോഡിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) കാര്യാലയത്തിൽ നടത്തും.കൂടുതൽ വിവരങ്ങൾക്ക്-04994 225570 ,9495082339

## സൗദിയിൽ ഡോക്ടർമാരുടെ ഒഴിവ്

സൗദി ആരോഗ്യമന്ത്രാലയത്തിലേക്കു കൺസൾട്ടന്റ്, സ്പെഷലിസ്റ്റ് ഡോക്ടറുമാരുടെ ഒഴിലേക്ക് ഒഡിഇപിസി അപേക്ഷ ക്ഷണിച്ചു. ഫാമിലി മെഡിസിൻ, ജനറൽ സർജറി, ഐസിയു, ഇന്റേണൽ മെഡിസിൻ, ഒബ്സ്റ്റട്രിക്സ്, ഗൈനോക്കളജി തുടങ്ങിയവയിൽ രണ്ടു വർഷത്തെ പ്രവർത്തി പരിചയമുള്ളവർ ഈ മാസം ഏഴിനകം odepckerala@gmail.com എന്ന് ഇമെയിൽ വിലാസത്തിൽ അപേക്ഷിക്കണം.കൂടുതൽ വിവരങ്ങൾക്ക് www.odepc.kerala.gov.in

(അവസാനിച്ചു)